
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വര്‍ത്തമാനപ്പുസ്തകം


## പാറേമ്മാക്കല്‍ ഗോവര്‍ണ്ണദോര്‍




www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA









www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




Rev. Msgr Jacob Kollaparambil
Acc. No: 443
CATHOLIC BISHOPS HOUSE
KOTTAYAM-686 001
KERALA, INDIA.
DR. JACOB KOLLAPARAMBIL EDUCATIONAL TRUST LIBRARY & ARCHIVES
KADUTHURUTHY



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Acc No: 4431

# വർത്തമാനപ്പുസ്തകം

കരിയാററിൽ മാർ യൗസേപ്പുമെത്രാപ്പോലീത്താ
യുടെ റോമ്മായാത്രയുടെ വിവരണം

**1778—1786**

CATHOLIC BISHOPS HOUSE
KOTTAYAM-686 001
KERALA, INDIA.

JANATHA SERVICES
ERNAKULAM

DR. JACOB KOLLAPARAMBIL EDUCATIONAL TRUST
KADUTHURUTHY



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

© 1977 August, by Janatha Services,
Thevara, Cochin–682013.

All rights reserved by Janatha Services, Thevara. No part of this publication may be reproduced or transmitted in any form or by any means, electronic or mechanical, including photocopy, recording, or any information storage and retrieval system, without permission in writing from Janatha Services, Thevara.

I, Fr. Thomas Paremmakkal, Kadanad, hereby hand over all rights regarding the book Varthamanappusthakam to Janatha Services, Thevara.

*Sd/–*
Fr. Thomas Paremmakkal
Kadanad



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വർത്തമാനപ്പുസ്തകം

(ഒന്നും രണ്ടും ഭാഗങ്ങളും ഭൂലോകശാസ്ത്രവും)

ഗ്രന്ഥകർത്താവ്

**പാറേമ്മാക്കൽ തൊമ്മൻകത്തനാർ**

(പാറേമ്മാക്കൽ ഏ. പെ. ബ. തോമ്മാ ഗോവർണ്ണദോർ)

എഡിറ്റർ

**വെരി. റവ. മോൺ. തോമസ് മൂത്തേടൻ**

എം. എ., ഡി. ഡി.

പ്രസാധകർ

1. ബ. പാറേമ്മാക്കൽ തോമ്മാച്ചൻ, കടനാട്
2. ജനതാ സർവീസസ്, തേവര.

CATHOLIC BISHOPS HOUSE
KOTTAYAM-686 001
KERALA, INDIA.

വിതരണം

**ജനത ബുക്ക്സ്റ്റാൾ**

**തേവര–എറണാകുളം–ആലുവ**

**വില 35.00 +**

KOLLAPARAMBIL EDUCA...
KADUTHURUTHY



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Malayalam
VARTHAMANAPPUSTHAKAM
(Travelogue of Dr. Joseph Kariatty to Rome, 1778-1786)

Author:
**Paremmakkal Thomman Kathanar**
(Rt. Rev. Dr. Thomas Paremmakkal, Gubernador)

Editor: Very Rev. Msgr. Thomas Moothedan, M. A., D. D.

Copy right reserved by Janatha Services, Thevara

First Published August, 1977.
Copies 2000

Cover by Artist K. G. Vasu

Price Rs. 35. 00 +5

Printed at
Prathibha Training Centre, Thevara, Cochin 682013

Published by
1. Rev. Fr. Thomas Paremmakkal, Kadanad
2. Janatha Services, Thevara, Cochin 682013.

Distribution
JANATHA BOOK STALL
Thevara – Ernakulam – Alwaye

DR. JA... ...ATIONAL ...
Acc. No. 4431
Class No. 270.8
Book No. KAT/V



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഉള്ളടക്കം


| | പുറം |
|---|---|
| പ്രസാധകക്കുറിപ്പ് | 9 |
| ഇതരകൃതികൾ | 12 |
| അവതാരിക | 13 |
| **ഒന്നാം ഭാഗം** | |
| മുഖവുര | 25 |
| മാർ ഫ്ളൊരൻസ്യൊസ മെത്രാൻെറ മരണം | 27 |
| മലങ്കരയിടവകകൾ അങ്കമാലിയിൽ കൂടുന്നു | 29 |
| അങ്കമാലി യോഗത്തിൻെറ ഫലങ്ങൾ | 33 |
| അങ്കമാലി യോഗത്തിൽ ഇടപ്പള്ളിക്കാരുടെ സങ്കടം | 36 |
| അങ്കമാലിയിൽ പാതിരിമാർ വരുന്നു | 40 |
| യോഗം പിരിയുന്നതിനുമുമ്പ് | 43 |
| വാഴ്‌വും വിരുന്നും കഴിഞ്ഞു് | 45 |
| പുതിയ മലങ്കരവികാരി അപ്പസ്തോലിക്ക | 49 |
| മെത്രാൻ ആലങ്ങാട്ടു വരുന്നു | 51 |
| മെത്രാനും സർവ്വാധികാര്യക്കാരും | 55 |
| നിരണം മെത്രാൻ സാലസു മെത്രാനു് എഴുതുന്നു | 56 |
| കരിയാററിൽ മല്പാൻ നിരണം മെത്രാനെ സന്ദർശിക്കുന്നു | 58 |
| സാലസുമെത്രാൻ വരാപ്പുഴയ്ക്കു പോകുന്നു | 62 |
| തൊമ്മൻ കത്തനാർ യാത്ര പുറപ്പെടുന്നു | 65 |
| കരിയാററിയും കൂട്ടരും ഉദയഗിരിയിലെത്തുന്നു | 67 |
| സഞ്ചാരസംഘം ത്രുത്തുക്കുടിയിൽ | 71 |
| കപ്പായക്കാരൻ പാങ്കിയുടെ വീട്ടിൽ | 76 |
| തരങ്ങൻപാടിയിൽ | 78 |
| തരങ്ങൻ പാടിയിൽനിന്നു പുറപ്പെടുന്നു | 82 |
| മൈലാപ്പൂർ, പെരിയമല, ചിന്നമല | 87 |
| കപ്പൽ കയറാനുള്ള ശ്രമം | 90 |
| കപ്പൽ കയറുന്നതിനുമുൻപ് | 95 |
| കപ്പൽ കയറിയശേഷം | 98 |
| ആഫ്രിക്കയിലെ വെൻഗെലായിൽ | 102 |
| തെക്കെ അമേരിക്കയിലെ ബയ്യായിൽ | 104 |
| ബയ്യായിലെ മെത്രാപ്പോലീത്ത സ്വീകരിക്കുന്നു | 110 |
| ലിസ്ബണിൽ | 114 |
| കാജെററൻ എന്ന പാതിരി | 119 |
| കാജെററനെ കണ്ടശേഷം | 121 |
| പോർട്ടുഗൽ രാജ്ഞിക്കു കൊടുത്ത അപേക്ഷ | 123 |


DR. JACOB KOLLAPARAMBIL EDUC... KADUTHURUTHY



www.TheCMSIndia.org

8/22/22, 6:12 PM varthamanapusthakam
CHRISTIAN MUSICOLOGICAL SOCIETY OF INDIA



അപേക്ഷയുടെ കാരണങ്ങൾ .... .... 126
അപേക്ഷ കൊടുത്തശേഷം .... .... 129
രാജ്ഞിയെക്കാണാൻ ബെല്ലസയിൽ ചെല്ലുന്നു .... 134
അപേക്ഷയുടെകൂടെ കൊടുത്ത അവകാശങ്ങൾ .... 135
അപേക്ഷ കൊടുത്തതു കാജാററനോടു പറയുന്നു .... 137
യാത്രാസംഘം ജെനോവയിൽ ചെല്ലുന്നു .... 140
ജെനോവ നഗരത്തിൽ .... .... .... 143
യോഹന്നാൻ ദെസാന്ത മർഗ്ഗരീത്ത .... .... 146
യോഹന്നാൻ പാതിരിയുടെ കത്തു് .... .... 149
ജെനോവയിൽനിന്നു തിരിക്കുന്നു .... .... 153
ലിബെർണൊം നഗരത്തിൽ . .... .... 156
പീസായിൽനിന്നു റോമിലെത്തുന്നു .... .... 159
പ്രൊപ്പഗാന്തായിലെ കർദ്ദിനാളിനെ കണ്ടശേഷം 165
സാന്ത അന്തോണി എന്ന വീട്ടിൽ .... .... 169
മാർപ്പാപ്പായ്ക്കു കൊടുക്കാനുള്ള അപേക്ഷകൾ .... 189
പോർട്ടുഗലിൽ നിന്നുള്ള എഴുത്തു് .... .... 193
യോഹന്നാൻ ദെസാന്ത മർഗ്ഗരീത്ത ജെനോവായിൽ 199
പ്രൊപ്പഗാന്തായുടെ പുത്തൻ തലവൻ .... 204
കർദ്ദിനാൾ തീരുമാനമെടുക്കുന്നു .... .... 210
പ്രൊപ്പഗാന്തായെപ്പററി .... .... 213
റോമിൽനിന്നു തിരിക്കുന്നു .... .... 218
റോമിൽനിന്നു പുറപ്പെട്ടശേഷം .... .... 222
അങ്കോണ മുതൽ ജെനോവ വരെ .... .... 228
ജെനോവായിൽനിന്നു കാർഡീസിൽ .... 232
വീണ്ടും ലിസ്ബണിൽ .... .... 237
അർസെനാൻ എന്ന കപ്പൽശാല .... .... 241
കാജെററൻ പാതിരി വീണ്ടും .... .... 246
ഇതിനിടയിലെ സംഭവങ്ങൾ .... .... 251
വിഷ്കൊന്തിയും മല്പാനും കാണുന്നു .... .... 255
കാജെററൻ പാതിരി സഞ്ചാരികളുടെ ക്ലേശമറിഞ്ഞപ്പോൾ 260
ഡോ. കരിയാററി മെത്രാപ്പോലീത്തയാകുന്നു .... 264
ഡോ. കരിയാററി രാജദമ്പതികളെ സന്ദർശിക്കുന്നു 268
കാജെററൻ പാതിരി വരുത്തിയ വിഘ്നം തീർക്കുന്നു 274
ഡോ. കരിയാററി എടമനിഷ്ടത്തിന്റെ ഭാവത്തിൽ 281
അവിടെ വച്ചുള്ള പരിശോധനയ്ക്കുശേഷം .... 285
പിടിപാടുസാധനം റോമിൽനിന്നു വരുന്നതുവരെ 289
ഡോ. കരിയാററിയുടെ വാഴ്ച .... .... 295
ലിസ്ബണിലെ ക്ലേശങ്ങൾ .... .... 300
കൊച്ചിമെത്രാന്റെയും മററും കത്തുകൾ .... 305
അതിന്റെ ഫലങ്ങൾ .... .... 336
മാർത്തോമ്മാ (നിരണം) മെത്രാനുണ്ടായ കാര്യങ്ങൾ 340

https://www.knanayology.org/2-community/2b-books/varthamanapusthakam/mobile/index.html#p=14 19/911
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




സർവ്വാധികാര്യക്കാരൻ ചെയ്ത കാര്യങ്ങൾ .... 345
ലിസ്ബണിലെ രാജ്ഞിയോടു യാത്രപറയുന്നു .... 350
കപ്പൽകയറിയ ശേഷം .... .... .... 354
ബയ്യാ ഗവർണ്ണരുടെ വീട്ടിൽ .... .... 358

രണ്ടാം ഭാഗം

മലയാളത്തിൽ മാർഗ്ഗമുണ്ടായ നാറം മുതലുള്ള പഴമ 367
1760—ലെ തീറോലക്കാര്യം .... .... 371
ലോറൻസോ ജസ്റ്റീനിയാനിയുടെ പടിസാധനം .... 371
കൊച്ചിരാജാവിനയച്ച തിരുവെഴുത്ത് .... 372
1775—ലെ നീട്ടിന്റെ പകർപ്പ് .... .... 373
മെത്രാന്റെ തിരുവെഴുത്തിന്റെ പകർപ്പ് .... 373
പോർത്തുഗലിൽനിന്നുള്ള കത്ത് .... .... 373
പോർത്തുഗീസ് സർവ്വാധികാര്യക്കാർ അയച്ച സാധനം 376
മലങ്കര പള്ളിക്കാർക്ക് എഴുതിയ സാധനം .... 377
മനുഷ്യം എഴുതിയ മറുപടിയുടെ പകർപ്പ് .... 377
അങ്കമാലിക്കൽ എഴുതിയ പടിയോല .... 378
1787—ലെ പടിയോല .... .... .... 382
മെത്രാപ്പോലീത്തായുടെ ഇടയലേഖനം .... 384
എറണാകുളം പള്ളിമേലുള്ള അധികാരം .... 400
ടി. വികാരി ജനറാളിനു കത്ത് .... .... 407
നസ്രാണികളെ ഭരിക്കവാനുള്ള നീട്ട് .... 409
വരാപ്പുഴ മെത്രാൻ എഴുതിവെച്ച കച്ചീട്ട് .... 409
വരാപ്പുഴ പാതിരിമാർ എഴുതിവച്ച കച്ചീട്ട്. .... 410
കച്ചീട്ടിന്റെ പടിയുള്ള നീട്ട് .... .... 410
കൊച്ചി സർക്കാരിന്റെ തീട്ടൂരം .... .... 411
പാലിയത്തച്ചന്റെ നീട്ട് .... .... .... 412
ചൊവ്വരപ്പള്ളിക്കാരുടെ എഴുത്ത് .... .... 412
ലത്തീൻകാരെ അനുസരിക്കയില്ലെന്നു .... 412
പാറേമ്മാക്കലച്ചന്റെ പടിസാധനം .... .... 413
ടി പടിസാധനം .... .... 417
കാനോനിസ്സന്മാരുടെ കട്ടക്കയത്തിലച്ചനു .... 419
ഡോ. കരിയാററിയുടെ ഡോക്കുറേറവ് .... 421
ഭൂലോകശാസ്ത്രം .... .... .... 425

ചിത്രങ്ങൾ I—VII
പ്രധാന തീയതികൾ VIII



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# പ്രസാധകക്കുറിപ്പ്

ഭാരതഭാഷകളിലെതന്നെ പ്രഥമ യാത്രാവിവരണമായി ഗണിക്കപ്പെടുന്ന വർത്തമാനപ്പുസ്തകം ഭാഷാപ്രേമികൾക്കും ചരിത്രകുതുകികൾക്കും ഒരുപോലെ അനിവാര്യമായ ഒരു കൃതിയാണു്. മലയാളമങ്കയ്ക്കു് ആഭയേറിയ ഭൂഷണം തന്നെ ഇതു്. മർമ്മപ്രധാനമായ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചുകൊണ്ടു ഭാഷയെ സേവിക്കുവാൻ സാധിച്ചതു വലിയൊരു ഭാഗ്യവും നേട്ടവുമായി ഞങ്ങൾ കരുതുന്നു.

വർത്തമാനപ്പുസ്തകം പ്രസാധനം ചെയ്യുകയെന്ന ഭാരിച്ച കർത്തവ്യം ഭയാശങ്കകളോടെയാണു ജനതാസർവീസസ്സ് ഏറെറടുത്തതു്. ആശങ്കയ്ക്കിടം നല്കിയ കാരണങ്ങൾ പലതാണു്. ആദ്യമായിട്ടാണു ജനതാസർവീസസ്സ് ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു്. ഇതിനുവേണ്ടിവരുന്ന ഭീമമായ ചെലവാണു് മറെറാന്നു്. ഇന്നത്തെ ഞങ്ങളുടെ സാമ്പത്തികശേഷിക്കുപരിയായ ഒരു കൃത്യമാണിതു്. എങ്കിലും ഗ്രന്ഥത്തിന്റെ പ്രാമാണികതയും വൈശിഷ്ട്യവും മനസ്സിലാക്കി ഈ സാഹസിക യജ്ഞത്തിനു ഞങ്ങൾ മുതിരുകയാണു ചെയ്തതു്.

പ്രീപബ്ലിക്കേഷൻ രീതിയിൽ പുസ്തകം പ്രചരിപ്പിക്കുവാൻ ഞങ്ങൾ കുറെയേറെ ക്ലേശിക്കുകയുണ്ടായി. എങ്കിലും ഞങ്ങളുടെ പ്രതീക്ഷകൾക്കു വിരുദ്ധമായി നിരുത്സാഹജനകമായ പ്രതികരണമാണു പല കേന്ദ്രങ്ങളിൽനിന്നും സിദ്ധിച്ചതെന്നു പറയേണ്ടിയിരിക്കുന്നു. മിക്കവാറും ആളുകൾക്കു വർത്തമാനപ്പുസ്തകം എന്താണെന്നോ, പാറേമ്മാക്കൽ ഗോവർണ്ണദോർ ആരാണെന്നോ നിശ്ചയമില്ല. അഭ്യസ്തവിദ്യരും മതനേതാക്കളുമായ പലരുടെ കാര്യത്തിൽപോലും ഈ അജ്ഞതയും നിസ്സംഗതയും ദൃശ്യമായിരുന്നു. അതുകൊണ്ടുതന്നെ ചിലർ ഈ ഗ്രന്ഥത്തെയും അതച്ചടിക്കുവാൻ മുതിർന്നവരെയും പരിഹസിക്കുന്നതും അനുഭവപ്പെട്ടിട്ടുണ്ടു്.

മതപരമായും സാഹിത്യപരമായും ചരിത്രപരമായും ഇത്രയേറെ മൂല്യസമ്പത്തുള്ള മറെറാരു പ്രാചീന കൈയെഴുത്തുരേഖയുണ്ടെന്നു തോന്നുന്നില്ല. എഴുതപ്പെട്ടിട്ടു് ഇരുന്നൂറു വർഷങ്ങളായെങ്കിലും ഇതു പൂർണ്ണമായി പ്രസിദ്ധീകരിക്കുന്നതിനു മററാക്കും സാധിച്ചിട്ടില്ല. ഇപ്പോഴിതാ ഇവയെല്ലാംകൂടി സമാഹരിച്ചു പൊതുജനോപകാരാർത്ഥം ഞങ്ങൾ വെളിച്ചത്തു കൊണ്ടുവരികയാണു്.

കൈയെഴുത്തു രേഖകളെപ്പററി ഒരു വാക്കു്. [illegible] കശാസ്ത്രവും ഗോവർണ്ണദോരുടെതന്നെ കൃതികളാ[illegible]തിനു രണ്ടു പക്ഷ

KOLLAPARAMBIL EDUCA
KADUTHU



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



മില്ല. തെളിവിനു് ഈ ഗ്രന്ഥത്തിൽ നല്കിയിട്ടുള്ള രണ്ടു ഫോട്ടോസ്റ്റാറ്റുകൾ പരിശോധിച്ചാൽ മതി. രണ്ടാംഭാഗത്തെപ്പററി അല്പം അഭിപ്രായവ്യത്യാസമുണ്ടായേക്കാം. രണ്ടാംഭാഗം ഗോവർണ്ണദോരുടെതന്നെ കൈപ്പടയിൽ ഞങ്ങൾക്കു ലഭിച്ചിട്ടില്ല. രണ്ടാംപുസ്തകമെഴുതാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നുവെന്നതിനു് ഒന്നാംഭാഗത്തിൽ വ്യക്തമായ സൂചനകളുണ്ടു്. അതിനു പര്യാപ്തമായ രേഖകൾ അദ്ദേഹം ശേഖരിച്ചു സൂക്ഷിച്ചിരുന്നുവെന്നു ചിന്തിക്കുവാൻ കഴിയും. എന്നാൽ ഗോവയിൽവച്ചുള്ള ഡോ. കരിയാററിയുടെ ആകസ്മികമായ നിര്യാണത്തെത്തുടർന്നുണ്ടായ കദനഭാരവും ഭരണഭാരവും മററു സാഹചര്യങ്ങളും അദ്ദേഹത്തെ പ്രസ്തുത യജ്ഞപൂർത്തീകരണത്തിൽനിന്നു പ്രതിനിവർത്തിപ്പിച്ചുവെന്നുവേണം അനുമിക്കുവാൻ. അദ്ദേഹം ആ കൃത്യം ഏതെങ്കിലും വിശ്വസ്തരായ അനുഗാമികളെ ഏല്പിച്ചിരുന്നിരിക്കാം. അല്ലെങ്കിൽ ഏതോ സഹപ്രവർത്തകർ സ്വമനസ്സാ ഈ മഹത്സേവനം ചെയ്തിരിക്കാം.

ഏതായാലും, ഒന്നാംഭാഗവുമായി അഭേദ്യമായ ബന്ധമുള്ള രേഖകളാണിവയെല്ലാം. രണ്ടാംഭാഗം പൂർണ്ണമായി ലഭിച്ചിട്ടുണ്ടെന്നു ഞങ്ങൾ അവകാശപ്പെടുന്നില്ല. ഞങ്ങൾക്കു ലഭ്യമായ രേഖകളെല്ലാം ശേഖരിച്ചു്, ഏററവും വിശ്വസ്തതയോടെ ബഹുജനസമക്ഷം സമർപ്പിക്കുന്നതിനു സർവ്വശക്ത്യാ യത്നിച്ചിട്ടുണ്ടെന്നു മാത്രമേ ഞങ്ങൾക്കു പറയുവാനുള്ളു.

ഉള്ളടക്കം, അടിക്കുറിപ്പുകൾ, ചിത്രങ്ങൾ, ദുർഗ്രഹപദങ്ങളുടെ ടിപ്പണി, പശ്ചാത്തലവസ്തുതകൾ, ഇതരകൃതികളുടെ പേരുകൾ മുതലായ വിവരങ്ങളെല്ലാം ചേർത്തു് അനുവാചകർക്കു വർത്തമാനപ്പുസ്തകം ആസ്വാദ്യമാക്കിത്തീർക്കാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചിട്ടുണ്ടു്. ആദ്യമെല്ലാം ഭാഷ കുറെ വിരസവും, അപരിചിതവുമെന്നു തോന്നിയേക്കാമെങ്കിലും അല്പം ക്ഷമയോടെ ഏതാനും താളുകൾ വായിച്ചാൽ ബാക്കിയുള്ളതു് അമൃതപാനമായിരിക്കും. ആദ്യം കയ്ക്കും, പിന്നെ മധുരിക്കുമെന്നല്ലേ ചൊല്ലു്. ഏതെങ്കിലും പദത്തിന്റെ അർത്ഥം അവ്യക്തമെന്നു വന്നാൽ ടിപ്പണിയിലേയ്ക്കു തിരിയുക. ഏതൊരു നോവലും, ആധുനിക യാത്രാവിവരണവുംപോലെ ആകർഷകവും ഹൃദയഹാരിയുമാണു വർത്തമാനപ്പുസ്തകം.

രണ്ടു നൂററാണ്ടുമുമ്പു്, കാര്യഗ്രഹണശേഷിയോടും സൂക്ഷ്മവിവേചനത്തോടും അപഗ്രഥന ചാതുരിയോടും വർണ്ണനാഭംഗിയോടും കൂടെ സുദീർഘമായ ഈ യാത്രാവിവരണം സജ്ജമാക്കിയ തോമ്മൻ കത്തനാർ അഗ്രഗണ്യനായ കുശാഗ്രബുദ്ധിയും ക്രാന്തദർശിയും ഭാഷാപടുവും ചരിത്രകുതുകിയുമായിരുന്നു. വർത്തമാനപ്പുസ്തകത്തിനു പുറമെ ഒരു ഡസനിലേറെ ഗ്രന്ഥങ്ങളുടെ പിതൃത്വവും അദ്ദേഹത്തിനുണ്ടു് എന്നു മനസ്സിലാകുമ്പോഴാണു് അദ്ദേഹത്തിന്റെ ധീവിലാസവും,വ്യക്തിപ്രഭാവവും വെളിവാകുക. അച്ചടിയും പ്രസിദ്ധീകരണ സജ്ജീകരണങ്ങളും മലയാളത്തിലില്ലാതിരുന്ന ഒരു കാലഘട്ടമാണതെന്നു പ്രത്യേകം നാം അനുസ്മരിക്കണം.

ഈ ഗ്രന്ഥം വെളിച്ചംകാണുവാൻ ഏററവുമധികം ക്ലേശിച്ചിട്ടുള്ള രണ്ടു വ്യക്തികളാണു് ബ. പാറേമ്മാക്കൽ തോമ്മാച്ചനും, മോൺ. തോമസ്സ് മൂത്തേടനും. പ്രായാധിക്യം അവഗണിച്ചു് കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ചു്, രേഖകൾ ശേഖരിച്ച ബ. പാറേമ്മാക്കൽ തോമ്മാച്ചന്റെ സ്ഥിരപരിശ്രമവും, നിശ്ചയദാർഢ്യവും അനിതരസാധാര



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ണമാണ്. അദ്ദേഹത്തിനു ഞങ്ങളുടെ കൂപ്പുകൈ. ശ്രദ്ധയോടെ, പണ്ഡിതോചിതമായി ക്ലിഷ്ടമായ നിരവധി രേഖകൾ പരിശോധിച്ച്, പ്രസിദ്ധീകരണയോഗ്യമാക്കിത്തന്ന മോൺ. മുത്തേടനു നമോവാകം. കൈയെഴുത്തു ഗ്രന്ഥം പരിശോധിക്കുകയും, ഒത്തുനോക്കുകയും, വേണ്ട നിർദ്ദേശങ്ങൾ തരികയും ചെയ്ത ചരിത്രപണ്ഡിതനായിരുന്ന അന്തരിച്ച ശ്രീ എം. ഓ. ജോസഫ് നെടുങ്കുന്നത്തിനു നിത്യശാന്തി നേരുന്നു. അച്ചടി മനോഹരമായും, കൃത്യസമയത്തും ചെയ്തുതന്ന എൽ. എഫ്. ഐ. പ്രസ്സ്, പ്രതിഭ ട്രെയിനിംഗ് സെൻറർ എന്നീ സ്ഥാപനങ്ങളിലെ മാനേജ്മെൻറിനും, തൊഴിലാളികൾക്കും കൃതജ്ഞതയുടെ പൂച്ചെണ്ട്.

ഫാ. വിൻസെൻറു ചെറുപറമ്പിൽ
സി. എം. ഐ., എം. എ.
സെക്രട്ടറി,
ജനതാ സർവീസസ്.

തേവര,
ആഗസ്റ്റ് 5, 1977



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഗോവർണ്ണദോരുടെ അച്ചടിക്കാത്തകൃതികൾ

1. ക്രിസ്ത്വാനുകരണം—തർജ്ജമ
2. ലത്തീൻ – തമിഴ് – മലയാള – സംസ്കൃതസമശബ്ദനിഘണ്ടു (Synonymous Dictionary)
3. പുതിയ നിയമം—തർജ്ജമ
4. പഴയനിയമം— (ഭാഗിക തർജ്ജമ)
5. മനുഷ്യാത്മാവ്
6. സ്വർഗ്ഗം അഥവാ പാരത്രികസുഖം
7. മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യം
8. കൊടുങ്ങല്ലൂരും തോമ്മാശ്ളീഹായും
9. ഭാരതമക്കൾ
10. ഇൻഡ്യ ഇൻഡ്യക്കാരുടേത്
11. മലയാറ്റൂർ മലമുകളിലെ പൊന്നുംകുരിശ്
12. മലയാറ്റൂർ മലമുകളിലെ കാൽപ്പാദം
13. മലയാറ്റൂർ മലമുകളിലെ അത്ഭുത നീരുറവ
14. പെരിയമലയിലെ തോമ്മാശ്ളീഹായുടെ അത്ഭുതങ്ങൾ
15. ചിന്നമലയിലെ തോമ്മാശ്ളീഹായുടെ അത്ഭുതങ്ങൾ
16. തോമ്മാശ്ളീഹായുടെ മരണവും കബറടക്കവും

ഈ രേഖകൾ സൂക്ഷിക്കുന്നത്:

1. പരേതനായ ഡോ. പി. ജെ. തോമസ്സിൻെറ വീട്ടിൽ.
2. ഗോവർണ്ണദോരുടെ മരുമക്കളായ ഇലഞ്ഞി–മുത്തോലപുരം കിഴക്കയിൽ വീട്ടിൽ.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അവതാരിക

## ആമുഖം

മലയാളഗദ്യസാഹിത്യത്തിലെ എത്രയും പ്രാചീനമായ ഒരു കൃതിയാണു വർത്തമാനപ്പുസ്തകം. ലിസ്ബണിൽവച്ചു കൊടുങ്ങല്ലൂരു മെത്രാപ്പൊലീത്തയായി അഭിഷേചിക്കപ്പെട്ട ഡോക്ടർ ജോസഫ് കരിയാററിയും പാറേമ്മാക്കൽ തോമാകത്തനാരുംകൂടി നടത്തിയ റോമായാത്രയുടെ വിവരണമാണ് ഈ ഗ്രന്ഥം. കേരളസഭാചരിത്രത്തിലെ സുപ്രധാനവും ധീരവുമായ ഒരു പരാജയമാണ് ഇതിലെ ഉള്ളടക്കം. കേരളസഭ തരണംചെയ്തിട്ടുള്ള ക്ലേശങ്ങളുടെ സ്വഭാവം ഗ്രഹിക്കാൻ അഭിലഷിക്കുന്നവർക്കും പഴയ മലയാളത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ ഇച്ഛിക്കുന്നവർക്കും ഈ ഗ്രന്ഥം എത്രയും രസാവഹമായിരിക്കും.

## ചരിത്രപശ്ചാത്തലം

പോർത്തുഗീസുകാരുടെ ആഗമനംവരെ കേരളക്രൈസ്തവസഭ ഇറാൻ അഥവാ പെഴ്സ്യയിൽനിന്നും ഇറാക്ക് അഥവാ മെസൊപ്പൊട്ടേമിയായിൽനിന്നും വന്നിരുന്ന മെത്രാന്മാരുടെ ഭരണത്തിൻകീഴായിരുന്നു. മെസൊപ്പൊട്ടേമിയായിലെ സെലൂസിയാസെററിസ്ഫോൺ നഗരത്തിൽനിന്നു വന്നിരുന്ന മെത്രാന്മാർ നെസ്തോറിയന്മാരായിരുന്നുവെന്നു പറയാറുണ്ടെങ്കിലും മനുഷ്യാവതാരത്തെപ്പററിയുള്ള അവരുടെ വിശ്വാസം എഫേസൂസ് സൂനഹദോസിനു അനുയോജ്യമായിരുന്നു. 1553മുതൽ സെലൂസിയാസെററിസ്ഫോണിലെ പാട്രിയാർക്കുമാരെ റോമാസിംഹാസനം അംഗീകരിച്ചു നിയമിച്ചിട്ടുള്ളവരാണ്. അവരെ സീറൊകൽദായ പാട്രിയാർക്കുമാരെന്നാണു സംബോധനചെയ്തിരുന്നത്. റോമാസിംഹാസനത്തിന്റെ അംഗീകാരമില്ലാത്ത പാട്രിയാർക്കുമാരും 16-ാം ശതാബ്ദത്തിൽ ഇറാക്കിലുണ്ടായിരുന്നു.

മാർത്തോമ്മാക്രിസ്ത്യാനികൾ നസ്രാണിമാപ്പിളമാർ എന്നാണ് അറിയപ്പെട്ടിരുന്നത്. നസറത്തുകാരനായ ക്രിസ്തുവിന്റെ അനുഗാമികളാണു നസ്രാണികൾ. മാപ്പിള എന്ന പദം മഹാപുത്രൻ എന്നർത്ഥമുള്ള മഹാപിള്ള എന്ന പദം ലോപിച്ചുണ്ടായതാണ്. നസ്രാണികളുടെ സഭാഭരണം നടത്തിയിരുന്നതു ഇടവകയോഗമാണ്. വൈദികരും പ്രായപൂർത്തിവന്ന അല്മായരുമാണു യോഗാംഗങ്ങൾ. പ്രധാനകാര്യങ്ങൾ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ അഥവാ മലബാർ സഭായോഗമാണു തീരുമാനിച്ചിരുന്നത്. യോഗങ്ങൾക്ക് ഏതാണ്ടു പരമാധികാരമുണ്ടായിരുന്നു; യാതൊരു വൈദികാധികാരിയും അവരുടെ തീരുമാനങ്ങളെ ചോദ്യംചെയ്തിരുന്നില്ല. തന്നിമിത്തം മാർത്തോമ്മാക്രിസ്ത്യാനികൾ ഒരു ക്രിസ്ത്യൻ ജനാധിപത്യംപോലെയാണു കഴിഞ്ഞിരുന്നത്. അവരുടെ മെത്രാന്മാർ വിദേശീയരായിരുന്നുവെങ്കിലും സാക്ഷാൽ അർക്കദിയാക്കോൻതന്നെയാണു ഭരണം നടത്തിയിരുന്നത്.

JACOB KOLLAPARAMBIL EDUCAT



www.TheCMSIndia.org

8/22/22, 6:12 PM varthamanapusthakam

CHRISTIAN MUSICOLOGICAL SOCIETY OF INDIA



16–ാം ശതാബ്ദത്തിൽ മാർത്തോമ്മാക്രിസ്ത്യാനികൾ പോർത്തുഗീസ് സമ്പർക്കത്തിലായി. അവർ അക്രൈസ്തവരെ ലത്തീൻറീത്തിലേക്കു ചേർത്തുകൊണ്ടിരുന്നു. 1534–ൽ ഗോവാരൂപത സ്ഥാപിതമായി. 1558ൽ അതിനെ അതിരൂപതയായി ഉയർത്തുകയും കൊച്ചിരൂപത ഗോവയുടെ സാമന്തരൂപതയായി സ്ഥാപിക്കപ്പെടുകയും ചെയ്തു. ഈ രണ്ടു രൂപതകളും പോർത്തുഗീസു രാജാവിന്റെ സംരക്ഷണത്തിലായിരുന്നതുകൊണ്ട് അടുത്തകാലംവരെ അവ പദർവാദയുടെ കീഴിലെന്നാണു പറഞ്ഞിരുന്നത്.

പോർത്തുഗീസുകാർക്കു മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്ക് ആനയിക്കണമെന്നായിരുന്നു ആഗ്രഹം. അതിനായി ഫ്രാൻസിസ്കൻ വൈദികർ കൊടുങ്ങല്ലൂര് 1540–ൽ ഒരു സെമിനാരി ആരംഭിച്ചു; ഈശോസഭക്കാർ 1581–ൽ വൈപ്പിക്കോട്ടയിൽ വേറൊന്നു തുടങ്ങി. ഏതാനും വൈദികർക്കു പോർത്തുഗലിൽ ശിക്ഷണം നൽകുകയുമുണ്ടായി. അങ്ങനെ ലത്തീൻസെമിനാരികളിൽ പഠിച്ച . വൈദികർവഴിയാണു ലത്തീൻറീത്തു പ്രചരിപ്പിച്ചത്. സുറിയാനിക്കാർക്ക് ഇത് ഇഷ്ടപ്പെട്ടില്ല; അതിനാൽ ലത്തീൻറീത്തു സ്വീകരിച്ച സ്വന്തംമക്കളെപ്പോലും അവർ തങ്ങളുടെ പള്ളികളിൽ ദിവ്യബലി സമർപ്പിക്കുവാൻ അനുവദിക്കുകയുണ്ടായില്ല. അവർ കൊച്ചിയിലെ ലത്തീൻമെത്രാന്റെ കീഴിൽ ജോലിചെയ്തുപോന്നു. സുറിയാനിമെത്രാന്മാരെ പോർത്തുഗീസുകാർ മർദ്ദിക്കുവാൻ തുടങ്ങി. മാർ ജോസഫ് എന്ന സുറിയാനിമെത്രാനെ ലിസ്ബൺവഴി റോമയിലേക്ക് അയയ്ക്കുകയും 1569–ൽ അദ്ദേഹം റോമയിൽ വച്ചു മരിക്കുകയും ചെയ്തു.

മാർ അബ്രാഹമാണു പോർത്തുഗീസുകാരുടെ മർദ്ദനത്തിനു വിധേയനായ അടുത്ത മെത്രാൻ. അദ്ദേഹത്തെ നാലാംപൗലോസുമാർപാപ്പായുടെ ശുപാർശയോടുകൂടെ കൽദായപാത്രിയാർക്കായ അബ്ദീശോ അയച്ചതാണ്. അദ്ദേഹത്തെ പോർത്തുഗീസുകാർ രണ്ടുപ്രാവശ്യം ജയിലിലടച്ചു; ഗോവൻപ്രാദേശികസൂനഹദോസുകളിൽ ഗോവാപ്രോവിൻസിലെ ഒരു മെത്രാനെപ്പോലെ പങ്കെടുക്കണമെന്നു നിർബന്ധിച്ചു. 1575ലെ ഗോവൻസൂനഹദോസിൽ അദ്ദേഹം സന്നിഹിതനായില്ല; എങ്കിലും മാർത്തോമ്മാക്രിസ്ത്യാനികൾ പോർത്തുഗീസുരാജാക്കന്മാർ നിയോഗിക്കുന്ന മെത്രാന്മാരാൽ ഭരിക്കപ്പെടണമെന്നാണു തീരുമാനമുണ്ടായത്.

ഇങ്ങനെ മാർത്തോമ്മാക്രിസ്ത്യാനികൾക്കു പോർത്തുഗീസു മിഷനറിമാരോടു വൈരാഗ്യംതോന്നിയെങ്കിലും പോർത്തുഗീസുകാരനും ഗോവാമെത്രാപ്പോലീത്തായുമായ ഡോക്ടർ മെനെസിസ് മുൻകൈ എടുത്തു നടത്തിയ ഉദയമ്പേരൂർ സൂനഹദോസിൽ (1599) സുറിയാനിവൈദികരും അവരുടെ തലവനായ അങ്കമാലിയിലെ അർക്കദിയാക്കോനും ഉത്സാഹപൂർവ്വംപങ്കെടുത്തു. സൂനഹദോസിനുശേഷം 1599 ഡിസംബർ 20–ാംനുലെ ഒരു തിരുവെഴുത്തുവഴി എട്ടാം ക്ലെമന്റു മാർപ്പാപ്പാ അങ്കമാലിഅതിരൂപതയെ ഗോവയുടെ ഒരു സാമന്തരൂപതയാക്കി. വൈപ്പിക്കോട്ട സെമിനാരിയുടെ റെക്ടർ ഫാദർ റോസ് എസ്.ജെ. അങ്കമാലിമെത്രാനായി നിയമിതനായി. എട്ടുവർഷം കഴിഞ്ഞ് റോസുതിരുമേനിയെ മെത്രാപ്പോലീത്തയായി ഉയർത്തുകയും കൊടുങ്ങല്ലൂര് അദ്ദേഹത്തിന്റെ ആസ്ഥാനമാക്കുകയുംചെയ്തു. റോസുതിരുമേനിയുടെയും അനന്തരഗാമികളുടെയും ലത്തീൻപക്ഷപാതം സുറിയാനിവൈദികർക്കും അല്മേനികൾക്കും ഇഷ്ടപ്പെട്ടില്ല. അക്കാലത്താണ് ഇഗ്നേഷ്യസ് അഹത്തല്ല,

https://www.knanayology.org/2-community/2b-books/varthamanapusthakam/mobile/index.html#p=14 35/911

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വർത്തമാനപ്പുസ്തകം

## മുമ്പിലത്തെ പാദം

### മാർ പ്ലൊരൻസ്യൊസ അരയപ്പൊലീസ എന്ന മെത്രാൻ മരിച്ചതിൻെറശെഷം വരാപ്പുഴ ഉണ്ടായ അവസ്ഥമെൽ

മലങ്കരെ മാർ സാംപദൊർ ദൊസായീസ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ വാണിരിക്കുന്നകാലം മിശിഹാ പിറന്നിട്ട ൧൭൭൩-ാം കാലം അരയപ്പൊലീസ എന്ന നാട്ടിൻെറ മെത്രാനാകുന്ന വരാപ്പുഴെ ഇരിക്കും മാർ പ്ലൊരൻസ്യൊസ എന്ന മലങ്കരയിടവകയുടെ (1) വിഗാരി അപ്പസ്തൊലിക്കാ കാലംചെയ്താറെ കീഴമര്യാദ കഴിഞ്ഞുവന്നപൊലെ മലങ്കരയിടവകയിലുള്ള സുറിയാനിക്രമത്തിൽ ഉൾപ്പെട്ട പള്ളിക്കാററിൽ പലരും അതായത്ത അങ്കമാലി പള്ളിക്കാററും ആലങ്ങാട്ടുപള്ളിക്കാററും പറവൂർ പള്ളിക്കാററും കത്തിയതൊട്ടുങ്കൽപള്ളിക്കാററും ഇത്ത കൂടാതെ മററു പല പള്ളിക്കാററും മെത്രാൻെറ കൌറ (2) സാധിപ്പാനായിട്ട വരാപ്പുഴക്കൂടി പണ്ടുപണ്ടെകഴിഞ്ഞുവന്ന മര്യാദിപ്പൊലെ തങ്ങളുടെ മര്യാദിക്കും ക്രമത്തിനും തക്കവണ്ണം മെത്രാൻെറ ശരീരം അടക്കുവാൻ തുടങ്ങുന്നപ്പൊൾ മെത്രാൻെറ സ്ഥാനം വീണ്ടു മററൊരു മെത്രാൻ വരുവൊളം ഭരിപ്പാനായിട്ട പാതിരിമാരു എല്ലാവരും കൂടെ നിശ്ചയിച്ച കഴലപ്പെടുത്തിയ അന്നസ്താസ്യൊസ ദെ സന്തഫീറാനീമൊ എന്ന പെർപെട്ട കർമ്മലീത്താപാതിരിമാരുടെ പ്രദെശമുപ്പനാകുന്ന (3) പാതിരി പുറപ്പെട്ടുകൂടി ഒരുമിച്ച ക്രിയകൾ കഴിച്ച നിൽക്കുന്ന സുറിയാനിക്രമത്തിലുള്ള പള്ളിക്കാററു പട്ടക്കാററരൊടും മാപ്പിളമാരൊടും പറഞ്ഞു ഈവണ്ണം:-

നിങ്ങൾ ഇപ്പൊൾ ഇവിടെ വരുവാൻ എന്തൊരു ബന്ധം.

---

1. മലങ്കര ഇടവക. കൊടുങ്ങല്ലൂരു് അതിരൂപതയും കൊച്ചിയുംകൂടി ഇതിലുൾപ്പെടുന്നുണ്ടു്. ലന്തക്കാരുടെ പിടിയിലിരുന്ന പ്രദേശങ്ങളിൽ കൊടുങ്ങല്ലൂർക്കൊച്ചിമെത്രാന്മാർക്കു ഭരിക്കാൻ കഴിഞ്ഞിരുന്നില്ല. വരാപ്പുഴനിന്നാണവർ ഭരിച്ചിരുന്നതു്.
2. കൗറു—ശവസംസ്കാരം 3. പ്രൊവിൻഷൽ സുപ്പീരിയർ

KOLLAPARA



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



നിങ്ങളുടെ മെത്രാൻ പൂക്കൊട്ടു (1) ഇരിക്കുന്നതല്ലൊ ആകുന്നു. ഈ
മെത്രാൻ ഞങ്ങൾക്കുള്ളതത്രെ ആകുന്നു. എന്നു വരുമ്പൊൾ ഇദ്ദേഹത്തി
ന്റെ കൌറടക്കം ചെയ്യുന്നതു നിങ്ങൾക്കു വെണ്ടിക്കുന്ന കാര്യമല്ല
ല്ലൊ. ഞങ്ങൾക്കു വെണ്ടിക്കുന്ന കാര്യമെല്ലൊ ആകുന്നു. ആയതു
കൊണ്ടു നിങ്ങൾ ഒഴിഞ്ഞു ഞങ്ങളുടെ മര്യാദിക്കുതക്കവണ്ണം ഞങ്ങ
ളുടെ മെത്രാനെ അടക്കുവാൻ ഇടതരണമെന്നു ഇങ്ങനെ പറഞ്ഞുംകൊണ്ടു
മലങ്കര ഇടവകക്കാറരെ ഒഴിച്ചുനിറുത്തി. പാതിരിമാരു തങ്ങളുടെ
ക്രമത്തിൽ കൌറു സാധിക്കയുംചെയ്തു. എന്നാൽ പള്ളിക്കാറരൊടു മൂപ്പൻ
പാതിരി പറഞ്ഞ മൊഴികളുടെ ശക്തി സൂക്ഷിച്ചു കണ്ടാൽ നെരുതന്നെ
ആകുന്നു. അതെന്തെന്നാൽ മലങ്കരഇടവകയുടെ പ്രത്യെകമുള്ള ഇടയനും ദെ
യ്‌വപ്രമാണത്താൽ ഈ ഇടവകമേൽ മുഷ്‌ക്കരത്വം കൈക്കൊണ്ടിരി
ക്കുന്ന ആളും കൊടുങ്ങല്ലൂർ മെത്രാപ്പൊലിത്താ ആയിരിക്കയും മലങ്കരഇ
ടവകയിലുള്ള ആളുകളൊക്കയും ദെയ്‌വപ്രമാണത്താലും വർഗ്ഗന്യായ (2)
ത്താലും അയാൾക്കു വഴങ്ങുവാനും തങ്ങളുടെ പ്രത്യെകമുള്ള ഇടയനെപ്പൊലെ
സമ്മതിപ്പാനും കടമായിരിക്കയും ചെയ്യുന്നതിനെക്കൊണ്ടു ആടുമാടുകളുടെ
അറിവില്ലായ്കകൊണ്ടെങ്കിലും ഇടയന്റെ പരിചയം പൊരായ്കകൊണ്ടെങ്കി
ലും മെത്രാപ്പൊലിത്തായും തനിക്കു വഴങ്ങപ്പെട്ടവരും തമ്മിൽ വാച്ച അ
യർപ്പും (3) ഉണ്ടായാൽ ആടുമാടുകൾ തങ്ങളുടെ നല്ല മെച്ചിൽസ്ഥലമാകുന്ന
പട്ടാങ്ങയുടെ വഴി ഉപെക്ഷിച്ചു ഇടത്തൂടാകുന്ന കാട്ടുമലയിൽ പിണങ്ങി
പ്പൊയി വ്യാഘ്റത്തിന്നു ഇരയാകാതെ ഇരിപ്പാൻ നെരത്തിന്നു തക്കവ
ണ്ണം അയർപ്പായി പൊകുന്ന പള്ളിക്കാറരെ താങ്ങി തടകി തങ്ങളുടെ യ
ജമാനനും തങ്ങളും തമ്മിലുള്ള അയർപ്പുതീർത്തു നെരത്തുവൊളം തന്റെ
കീഴ അവരെ സന്ധിപ്പാനായിട്ടു മലങ്കരയുള്ള ഇടത്തൂട തീരുവൊളം ഒരു
നടുവനെപ്പൊലെ മാർപ്പാപ്പാ കല്പിച്ചിരിക്കുന്ന ആൾമാത്രം വരാപ്പുഴ
മെത്രാൻ ആകകൊണ്ടു ദെയ്‌വപ്രമാണത്താൽ മലങ്കര ഇടവകമെൽ ഒരു
മുഷ്‌ക്കരത്വം തനിക്കില്ലായ്കകൊണ്ടും പാതിരി പറഞ്ഞ വചനങ്ങൾ നെ
രുതന്നെ ആകുന്നുവെങ്കിലും പണ്ടു ഒരു നാളും ഇങ്ങനെയുള്ള വചനങ്ങൾ
കെട്ടിട്ടില്ലായ്കകൊണ്ടും എത്രയും നികളഭാവത്തൊടും നിന്ദയൊടുംകൂടെ
പാതിരിമാരൊക്കയുംകൂടെ ഒരു മനസായി കൂടി വിചാരിച്ചു മലങ്കരപ
ള്ളിക്കാറരെ നിന്ദിപ്പാനായിട്ടു ഇതിൻവണ്ണം പറകയെന്നു തന്നെയല്ലാ
അവരെ ഒഴിച്ചു നിറുത്തി കൌറടക്കം ചെയ്കകൊണ്ടും കൂടിയ പള്ളിക്കാറ
രൊക്കയും എത്രയും വലിയ മനൊദുഃഖത്തൊടുകൂടെ വരാപ്പുഴയിൽ നിന്നു
വാങ്ങി അങ്കമാലിക്കൽകൂടി പാതിരിമാരു തങ്ങളൊടു കാട്ടിയ ഏറകുറ
യത്തിന്നും നിന്ദക്കും ഏതുപ്രകാരമെല്ലാം വെണ്ടുവെന്നും വിചാരിക്കുന്നു.

ഈ കാര്യംകൊണ്ടും മററും പലപല ഏറക്കുറവുകൾ മെത്രാനും പാ
തിരിമാരും പലപല സംഗതികൾക്കും മലങ്കരയുള്ള പള്ളിക്കാറരൊടു
കാട്ടുകകൊണ്ടും ഇതിനൊക്കയ്ക്കും ഒരുപായം വിചാരിച്ചു പതം വ
രുത്താഞ്ഞാൽ ഇനിയും ഇതിൽ ഏറിയതും കാട്ടുന്നതിനു സംശയം ഉ
ണ്ടാകയില്ലെന്നും ആയതിനു ഉപായം വരുത്തുവാൻ ശെഷം മലങ്കരയു
ള്ള തങ്ങളുടെ ജ്യെഷ്ഠൻഅനുജന്മാരുകൂടെ കൂടാതെ തങ്ങൾതന്നെ മതിയ
ല്ലെന്നും നിശ്ചയിച്ചു മെത്രാൻ കാലംചെയ്തോറെ തങ്ങൾ വരാപ്പുഴെ ചെന്ന
പ്പൊൾ പാതിരിമാർ പറഞ്ഞ മൊഴികളും തങ്ങളെ ഒഴിച്ചു നിറുത്തി അവ

1. ലന്തക്കാരെ ഭയന്നു കൊടുങ്ങല്ലൂരു് മെത്രാപ്പൊലീത്താ അന്നു പൂക്കൊട്ടാണു താമസി
ചിരുന്നതു്. 2. സ്വാഭാവിക നിയമം 3. വലിയവഴക്കു്



www.TheCMSIndia.org

8/22/22, 6:12 PM varthamanapusthakam
CHRISTIAN MUSICOLOGICAL SOCIETY OF INDIA



രുതന്നെ മെത്രാന്റെ കൌറടക്കം ചെയ്തപ്രകാരവും ആയതുകൊണ്ടും വീണ്ടും മററും പലകാര്യങ്ങൾ വിചാരിപ്പാനമായിട്ടും എല്ലാവരും അങ്കമാലിക്കൽ കൂടണമെന്നും മലങ്കരഇടവകയിൽ ശെഷമുള്ള പള്ളിക്കാററു എല്ലാവർക്കും കുറി എഴുതി അയയ്ക്കയും ചെയ്തു.

## വിചാരം

എന്നാൽ ഇത്രപ്പൊഴും മലങ്കരപള്ളിക്കാററുചെയ്തതു ഓർത്തുകണ്ടാൽ എത്രയും നെരായവഴിയും തങ്ങളുടെ കാരണവന്മാരു ചെയ്തുവന്നതിനു തക്കവണ്ണവും അത്രെ ആകുന്നു. അതെന്തെന്നാൽ ജാതി ഒക്കെക്കും ബന്ധിക്കുന്നൊരു അറിയപ്പെട്ട കാര്യമെതാനും ഉണ്ടായാൽ ഒരു പള്ളിക്കാററായിട്ടും രണ്ടു പള്ളിക്കാററായിട്ടും കാര്യത്തിനു നിവൃത്തി വരുത്തുമാറില്ല. പിന്നയൊ ഉണ്ടായ കാര്യത്തിന്നു എന്തു വെണ്ടുവെന്നു വിചാരിപ്പാൻ ശെഷമുള്ള പള്ളിക്കാററു ഒക്കെയുംകൂടെ കൂടുമാറത്രെ ആകുന്നു. വിശെഷിച്ചും ഇപ്പൊൾ ഉള്ള കാലവർത്തമാനം സൂക്ഷിച്ചുകണ്ടാൽ ഇതു ന്യായമുള്ളതെന്നു തന്നെയല്ലാ പിന്നയൊ ദിഷ്ടതി(1)യുള്ളതത്രെ ആകുന്നു. അതെന്തെന്നാൽ ഇന്നാളുകളിൽ പാതിരിമാരുടെ കരുത്തും ശക്തിയും പണ്ടുള്ളതിനെക്കായിൽ എത്രയും പാരമാകകൊണ്ടും ഒന്നരണ്ടു പള്ളിക്കാററുതന്നെ ഏതാനും നിവൃത്തിവരുത്തുവാൻ തുടങ്ങിയാൽ അവരുടെ മനസ്സുകൂടാതെ ഏതും സാധിക്കയില്ലാ എന്നതുകൊണ്ടും മലങ്കരയിടവകയിലുള്ള ശെഷം പള്ളിക്കാററുകൂടെ കൂടാതെ തങ്ങളാൽതന്നെ നിവൃത്തി വരുത്തിക്കൂടാ എന്നു കല്പിച്ച മലങ്കരയിടവകയിലുള്ള പള്ളിക്കാററു എല്ലാവർക്കും കുറി എഴുതി അയച്ചതു എത്രയും നല്ല വിചാരവും വിവെകവുമത്രെ ആകുന്നു.

---

# രണ്ടാംപാദം

## ആലങ്ങാട്ടുകൂടിയ പള്ളിക്കാററുടെ കുറിയുടെ ശക്തിയാൽ ശെഷം മലങ്കരയിടവകയിലുള്ള പള്ളിക്കാററൊക്കയും അങ്കമാലിക്കൽകൂടി എന്നതിന്മെൽ

എന്നാൽ മലങ്കരെ മാർതൊമ്മാ നസ്രാണികൾ പണ്ടു തങ്ങൾക്കുണ്ടായിരുന്ന കരുത്തിനും ശക്തിക്കും പാരം കുറച്ചിൽ വന്നുപൊയെങ്കിലും ഉടയതമ്പുരാന്റെ മനൊഗുണംകൊണ്ടു ശക്തിഒക്കയുംതന്നെ കെട്ടുപൊയതുമില്ല. അതെന്തെന്നാൽ അങ്കമാലിക്കൽ കൂടിയ പള്ളിക്കാററുടെ കുറി ശെഷം മലങ്കരയുള്ള പള്ളിക്കാററൊക്കയും വിചാരിച്ചുകണ്ടപ്പോൾ തങ്ങളുടെ പട്ടക്കാററൊടും ജനങ്ങളൊടും പലപല ഏറകുറയങ്ങളും രഹസ്യമായിട്ടു പാതിരിമാരു വരുത്തുന്നതു പൊരാതെ മെത്രാന്റെ കൌറടക്കുവാൻ കൂടിയ

---

1. അറിവ്

https://www.knanayology.org/2-community/2b-books/varthamanapusthakam/mobile/index.html#p=14 81/911
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# എഴുപത്തിമൂന്നാംപാദം

## മെൽപറഞ്ഞവണ്ണം കൊച്ചിയിൽമെത്രാന്റെയും മാർഗ്ഗംഅറിക്കുന്നവരുടെയും ഞങ്ങളൊടു മറുത്തുള്ള സാധനത്തിന്റെ ശെഷം നമ്മുടെ കാര്യത്തിന്നുണ്ടായ അവസ്ഥമെൽ

മീതെ ചൊല്ലിയവണ്ണം ലിസ്ബൊആയിൽ തന്നെ നമ്മൊടു മറു
ത്തു പറവാൻ പല ശത്രുക്കളും പുറപ്പെടുകയും അവർ നമ്മൊടു മറുത്തു പറ
യുന്ന വസ്തുക്കളുടെ ഒപ്പും മുദ്രികയും ആയിട്ടു കൊച്ചിയിൽമെത്രാന്റെയും
മാർഗ്ഗമറിയിക്കുന്നവരുടെയും കറികൾ വന്നെത്തുകയും ചെയ്തതിന്റെ
ശെഷം പരമാർത്ഥമൊ ഭൊഷ്ക്കൊ എന്നുണ്ടായില്ല ജാതിക്കാരൻ മെത്രാ
നെ ഉണ്ടാക്കിയതിന്മെൽ രാജസ്ത്രീക്കു ക്ലെശമായി കഴിഞ്ഞെന്നും എന്ന
തുകൊണ്ടു നമ്മുടെ മെത്രാപ്പൊലീത്തായെ മലയാളത്തിന്ന അയക്കാതെ
ലിസ്ബൊആയിൽതന്നെ പാർപ്പിപ്പാനത്രെ മനസ്സാകുന്നു എന്നും ഉള്ള
ഒരു ശ്രുതി ലിസ്ബൊആയിൽ പലെടത്തും പാതിരിമാരു പറഞ്ഞു ന
ടത്തി ഞങ്ങളുടെ ചെവിട്ടിൽ കൂടെയും എത്തുകയും ചെയ്തു. എന്നാൽ ന
മ്മുടെ മെത്രാപ്പൊലീത്താ തനിക്കു മര്യാദി ആയിരുന്നപൊലെ ആ രണ്ടു
ആണ്ടത്തെതുകാലം ആഴ്ചവട്ടത്തിൽ ഒരുഴം മെൽപറഞ്ഞ മത്തീഞ്ഞുദെ
മെൽ എന്ന ഈന്ദിയാമുഖത്തെ സർവാധികാര്യക്കാരന്റെ വീട്ടിൽ പൊക
യും പലപ്പൊഴും അയാളുമായിട്ടു കണ്ടു സ്വല്പംനെരം പറയുകയും ചെയ്തിട്ടും
ഈന്ദിയായിക്കുള്ള നമ്മുടെ യാത്രമെൽ ഏതും വെണ്ടുംവണ്ണം പറയാഴിക
കൊണ്ടും വിഷ്ക്കൊന്തിയുടെ വീട്ടിൽതന്നെയും മുമ്പിൽ ഞങ്ങളൊടു
ചെയ്തിരുന്ന ആചാരത്തിന്നും സ്നെഹത്തിന്നും കുറെ ഏറക്കുറവു കാണുക
കൊണ്ടും മെൽ പറഞ്ഞ ഞങ്ങൾ കെട്ടുവരുന്ന ശ്രുതി നെരായിരിക്കുമെ
ന്നു വിചാരിച്ചു ലിസ്ബൊആയിൽ ഞങ്ങൾക്കു സ്നെഹമുള്ള പലരൊ
ടും പ്രത്യെകം ഗൊവായുടെ പഴെ മെത്രാപ്പൊലീത്തായൊടും ഇങ്ങിനെ
കെൾക്കുന്നു എന്നും ആയതിന്ന എന്തു ബന്ധമെന്നുണ്ടായില്ലാ എന്നും ഞ
ങ്ങളിൽ ആരും ഇത്രനെരവും ഒരു കുററവും കാട്ടിയില്ല എന്നും സങ്കടംപൊ
ലെ നമ്മുടെ മെത്രാപ്പൊലീത്താ പറയുകയും ചെയ്തു ഏതുവിധം എന്ന
റിഞ്ഞില്ല മത്തീഞ്ഞുദെമെൽ എന്ന സർവ്വാധികാര്യക്കാരൻ കെട്ടു എ
ന്നെ തൊന്നുന്നുള്ളു. അതെന്തെന്നാൽ പിറെറആഴ്ചയിൽ മര്യാദിപൊ
ലെ നമ്മുടെ മെത്രാപ്പൊലീത്താ തന്റെ വീട്ടിൽ ചെന്നു താനുമായിട്ടു
കണ്ടു പറഞ്ഞപ്പൊൾ നാളത്തെകഴിഞ്ഞു വരു. അങ്ങെ ഉയർച്ചയുടെ കാ
ര്യത്തിന്നു തീർച്ചതരുന്നുണ്ടെന്നു പറഞ്ഞ മെത്രാപ്പൊലീത്തായെ അയച്ചതി
ന്റെ ശെഷം അവർ പറഞ്ഞയച്ചതുപൊലെ മൂന്നാംദിവസം ചെന്നാറെ
അങ്ങെ കാര്യം ഞാൻ രാജസ്ത്രീയെ ബൊധിപ്പിച്ചാറെ ഇവിടെനിന്നും
അങ്ങെ ഇടവകയിൽ ചെന്നു പററുവൊളം ഉള്ള വഴിച്ചിലവു എണ്ണായി
രം ത്രുപാ പൊകുന്നതിന്നു മുമ്പിൽ അങ്ങെ കൈയിലും തരത്തക്കവണ്ണം
രാജസ്ത്രീ എന്നൊടു കല്പിച്ചു എന്നതിനെക്കൊണ്ടു ഇവിടെനിന്നു നെരെ
ഗൊവക്കു പൊകുന്ന കപ്പൽ കണ്ടെത്തിയാലുടൻ നിങ്ങളെ അയപ്പാൻ
ഭാവിച്ചിരിക്കുന്നു. ആയതിന്നു ഒരു സംശയവും ഇല്ല. അതെന്തെന്നാൽ
ങ്ങളും നസ്രാണികൾ ആകുന്നു. ഞങ്ങൾക്കും മൊക്ഷത്തിൽ പൊക



www.TheCMSIndia.org

8/22/22, 6:12 PM varthamanapusthakam

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ലിന്റെ അവസ്ഥ വിചാരിക്കെവെണ്ടു. ഈ എടക്കുതന്നെ ഗൊവക്കു പൊകുന്ന കപ്പൽ കണ്ടെത്തുമെങ്കിൽ ഉടൻതന്നെ വെണ്ടുന്ന കല്പനകളും ഒക്കെയും തരുന്നുണ്ടു. ഇങ്ങിനെ സർവ്വാധികാര്യക്കാരൻ മെത്രാപ്പൊലീത്തായൊടു പറഞ്ഞാറെ മെത്രാപ്പൊലീത്തായും അങ്ങെ ഉയർച്ച പറഞ്ഞതു ഒക്കെയും അങ്ങിനെതന്നെ. വിശെഷിച്ചും ഇത്രനാളും ഞങ്ങൾ ഇവിടെ പാൎത്തുവന്നതിൽ പ്രത്യെകമുള്ള കാര്യം മാർതൊമ്മാ മെത്രാന്റെ കാര്യമത്രെ ആകുന്നു എന്നു അങ്ങെ ഉയർച്ച അറിഞ്ഞതല്ലൊ ഇരിക്കുന്നു. എന്നതുകൊണ്ടു ആ കാര്യത്തിന്നു മനസ്സുണ്ടായി രാജസ്ത്രീയെ ബൊധിപ്പിച്ചു ഏറ്റം ഇളച്ച ഗൊവയുടെ മെത്രാപ്പൊലീത്തായെക്കൂടെ മലങ്കരക്കു അയച്ചു ഈ മെത്രാന്റെ വിശ്വാസസത്യത്തിന്റെ സാക്ഷി വരുത്തിക്കൊള്ളത്തക്കവണ്ണം രാജകല്പന ഗൊവയുടെ മെത്രാപ്പൊലീത്തായിക്കു തന്നയച്ചെങ്കിൽ വലിയ മനഗുണം ആയിരിക്കുമെന്നു അയാളൊടു പറയുകയും ഇയാളും കള്ളഉപായത്താൽ മാർതൊമ്മായുടെ കാര്യം ഇവിടെക്കു ബന്ധിക്കുന്നൊരു കാര്യമല്ല. റൊമ്മായിക്കു ബന്ധിക്കുന്ന കാര്യമത്രെ ആകുന്നു. എന്നാലും ഈ കാര്യത്തിന്മെൽ മലങ്കരയുണ്ടായ അവസ്ഥ ഒക്കെയും എഴുതിക്കൊണ്ടു വരു. ആയതിന്മെൽ ഞാൻ ഒന്നും വിചാരിച്ചു കാണാം എന്നു പറഞ്ഞ മെത്രാപ്പൊലീത്തായെ അയക്കയും ചെയ്തു.

ഇതിന്റെ ശെഷം മെത്രാപ്പൊലീത്താ വീട്ടിൽ വന്നു മാർതൊമ്മാ മെത്രാന്റെ കാര്യത്തിന്മെൽ ഉണ്ടായ അവസ്ഥ ഒക്കെയും അടിതുടയാകുംവണ്ണം എഴുതി ഈ സർവ്വാധികാര്യക്കാരന്റെപക്കൽ കൊണ്ടുചെന്നു കൊടുക്കയും ചെയ്തു.

വിശെഷിച്ചും ഈ സർവ്വാധികാര്യക്കാരൻ പറഞ്ഞപൊലെ കപ്പലിന്റെ അവസ്ഥമെൽ വിചാരിച്ചാറെ യൊക്കീം പെദ്രപൊലൊ എന്നു പെർപെട്ട കച്ചവടക്കാരൻ തന്റെ കപ്പൽ ഈന്ദിയായിക്കു അയപ്പാനിരിക്കുന്നു എന്നുള്ള അവസ്ഥ കെട്ടാറെ മെത്രാപ്പൊലീത്താ ഈ കച്ചവടക്കാരന്റെ വീട്ടിൽ ചെന്നു അവനമായിട്ടു കണ്ടു പറഞ്ഞാറെ അവന്റെ കപ്പൽ എത്രയും ചെറിയതു ആയിരിക്കകൊണ്ടും ഒട്ടും ഇട കൂടാതെ കപ്പലിൽ ചരക്കു കെററുകകൊണ്ടും ആയതിൽ പൊരുവാൻ സാദ്ധ്യമല്ലെന്നു കണ്ടു പിന്നെയും അന്വെഷിച്ചാറെ അന്തൊനിയൊ പെറയിര മെഷ്ക്കീത്ത എന്ന മററു ഒരു കച്ചവടക്കാരൻ തന്റെ കപ്പൽ ഈന്ദിയായിക്കു അയപ്പാനിരിക്കുന്നു എന്നു കെട്ടുകൊണ്ടു അവന്റെ വീട്ടിൽ മെത്രാപ്പൊലീത്താ ചെന്നു അവനമായിട്ടു കണ്ടു പറഞ്ഞാറെ തന്റെ കപ്പൽ ഈന്ദിയായിക്കു അയപ്പാനിരിക്കുന്നതു നെരു തന്നെ ആകുന്നു. ആയതുകൊണ്ടു അതിൽകൂടെ മെത്രാപ്പൊലീത്തായെ അയപ്പാൻ തനിക്കു ആഗ്രഹവും ഉണ്ടു. വിശെഷിച്ചും നെരെതന്നെ ഗൊവക്കു അയപ്പാനുള്ളതിന്നു മർത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തു സർവ്വാധികാര്യക്കാരനൊടു താൻ ഒരു കാര്യം അപെക്ഷിപ്പാനിരിക്കുന്നു എന്നു വരുമ്പൊൾ ആയതു സർവ്വാധികാര്യക്കാരൻ തനിക്കു അനുവദിച്ചു കൊടുക്കുന്നു എന്നു വരികിൽ നെരെതന്നെ ഗൊവക്കു അയക്കുന്നതിന്നു സംശയം ഇല്ലാ എന്നു പറഞ്ഞ മെത്രാപ്പൊലീത്തായെ അയക്കയും മെത്രാപ്പൊലീത്തായും മെൽപറഞ്ഞ മർത്തീഞ്ഞു ദെമെല്ലിനൊടും വിഷ്കൊന്തിയൊടും ഇങ്ങിനെ മെഷ്ക്കീത്താ എന്ന കപ്പൽക്കാരൻ പറഞ്ഞു എന്നും എന്നതുകൊണ്ടു അവൻ അപെക്ഷിക്കുന്ന കാര്യം അവന്നു അനുവദിച്ചുകൊടുപ്പാൻ മനഗുണം ഉണ്ടാകുമെങ്കിൽ ഈ കപ്പലിൽതന്നെ ഗൊവക്കു പൊകുവാൻ സംഗതി വരുമെന്നും പറയുകയുംചെയ്തു.

https://www.knanayology.org/2-community/2b-books/varthamanapusthakam/mobile/index.html#p=14 697/911

www.TheCMSIndia.org

www.marggam.com

# Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

## Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org